# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4200

**12.11.2019 ൽ മറുപടിക്ക്**

### നിർമ്മാണ സാമഗ്രികളുടെ ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) നിർമ്മാണ സാമഗ്രികളുടെ ക്ഷാമം മൂലം കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തീരസംരക്ഷണം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കാൻ കഴിയാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) കൊല്ലം ജില്ലയിൽ നിലവിൽ ക്വാറികൾക്ക് പ്രവർത്തനാനുമതി ഉള്ളതിനാൽ നിർമ്മാണ സാമഗ്രികൾക്ക് ക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കൊല്ലം ജില്ലയിൽ ഇപ്പോൾ എത്ര ക്വാറികൾ പ്രവർത്തിക്കുന്നുവെന്നും ഇതിൽ നിന്നും ലഭിക്കുന്ന പാറയും മറ്റും ജില്ലയിൽ നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് പര്യാപ്തമാണോ എന്നും വിശദീകരിക്കുമോ; | (ബി) കൊല്ലം ജില്ലയിൽ നിലവിൽ 26 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ടി ക്വാറികളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ജില്ലയിലെ നിർമ്മാണ ആവശ്യങ്ങൾക്ക് പര്യാപ്തമാണ്. കൂടാതെ ടി ജില്ലയിലേക്ക് അയൽ ജില്ലകളിൽ നിന്നും ധാതുക്കൾ കൊണ്ടുവരാവുന്നതുമാണ്. |
| (സി) ഇവിടുത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ വസ്തുക്കൾ ഇതരസംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) നിർമ്മാണ മേഖലയ്ക്ക് ആവശ്യമായ മണൽ, മെറ്റൽ എന്നീ വസ്തുക്കൾ ഇതര സംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതിന് നിയമ തടസ്സമില്ല. ഇറക്കുമതി ചെയ്യുന്ന മണൽ കേരളത്തിൽ വില്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ 20.02.2018 തീയതിയിലെ 57/എ 3/2018/വ്യവ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 06.03.2018 തീയതിയിലെ 57/എ 3/2018/വ്യവ നമ്പർ സർക്കുലർ പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കരിങ്കല്ലും അതിന്റെ ഉൽപന്നങ്ങളും കേരളത്തിൽ കൊണ്ട് വന്ന് വിൽപ്പന നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ